**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**(ഹാജർ: മുഹമ്മദ് അൻസാരി)**

വിഷയം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട്, സീനിയർ ക്ലാർക്ക്, ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പിസ്റ്റ് തസ്തികകളിലെ 2019 വർഷത്തെ പൊതുസ്ഥലംമാറ്റം - ഭേദഗതി വരുത്തിയ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ.(പി)നം.3/2017/ഉ.പ.ഭ.വ, തീയതി: 27.02.2017.
2. സ.ഉ.(സാധാ)നം.230/2019/കൃഷി, തീയതി: 05.03.2019
3. സ.ഉ.(സാധാ)നം.355/2019/കൃഷി, തീയതി: 09.04.2019.
4. സ.ഉ.(സാധാ)നം.445/19/കൃഷി, തീയതി: 10.05.2019.
5. ഈ ഓഫീസിലെ 11.03.2019, 28.03.2019, 11.04.2019, 06.05.2019, 10.05.2019, 20.05.2019 എന്നീ തീയതികളിലുള്ള ഇതേ നമ്പർ സർക്കുലർ.
6. ഈ ഓഫീസിലെ 28.05.2019 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
7. ഈ ഓഫീസിലെ 13.06.2019 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം.എസ്.എ.(2)2099/2019, തീയതി: 21.06.2019.**

പരാമർശം (1) മുതൽ (4) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 2019 വർഷത്തെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) -ലെ സർക്കുലറുകൾ പ്രകാരം 2019 -ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സ്പാർക്ക് മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലംമാറ്റ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേർഡ് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 24.05.2019 വരെ ബന്ധപ്പെട്ട മേലധികാരിയുടെ ശുപാർശയോടു കൂടി ഓൺലൈൻ മുഖേന ഈ ഓഫീസിൽ ലഭിച്ച ജൂനിയർ സൂപ്രണ്ട്, സീനിയർ ക്ലാർക്ക്, ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പിസ്റ്റ് തസ്തികകളിലെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സ്പാർക്ക് മുഖേന പ്രോസസ് ചെയ്ത് ലഭിച്ച കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം (6) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഇപ്രകാരം പ്രസിദ്ധീകരിച്ചിരുന്ന കരട് ലിസ്റ്റിൽ, ജീവനക്കാർ അവരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ നിരവധി അപാകതകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അപാകതകൾ പരിഹരിക്കുന്നതിനായി ജീവനക്കാരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നതിനായി പരാമർശം (7) സർക്കുലർ പ്രകാരം 18.06.2019 വരെ ഡി.ഡി.ഒ -മാർക്ക് സമയം അനുവദിച്ചിരുന്നു. കൂടാതെ സാങ്കേതിക കാരണങ്ങളാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടെങ്കിലും മേലധികാരികൾക്ക് ഫോർവേർഡ് ചെയ്യുന്നതിന് സാധിക്കാതിരുന്ന അപേക്ഷകൾ ഫോർവേർഡ് ചെയ്യുന്നതിനും അവസരം നൽകിയിരുന്നു. ഇപ്രകാരം അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട മേലധികാരിയുടെ

പാർശയോട്ടു കൂടി ഓൺലൈൻ മുഖേന ഈ ഓഫീസിൽ ലഭിച്ച ജൂനിയർ സൂപ്രണ്ട്, സീനിയർ ക്ലാർക്ക്, ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പിസ്റ്റ് തസ്തികകളിലെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സ്പാർക്ക് മുഖേന പ്രോസസ് ചെയ്ത് ലഭിച്ച ഭേദഗതി വരുത്തിയ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in -ൽ പ്രസിദ്ധീകരിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ കരട് ലിസ്റ്റ് പരിശോധിച്ച് തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലത്തെ ഔദ്യോഗിക മേൽവിലാസത്തിൽ വ്യത്യാസമുള്ള പക്ഷം വിവരം ഈ ഓഫീസിൽ ഇ-മെയിൽ മുഖേന 25.06.2019 5 PM -നു മുമ്പായി അറിയിക്കേണ്ടതാണ്.

കരട് ലിസ്റ്റിന്മേലുള്ള അപേക്ഷകരുടെ പരാതികൾ 25.06.2019 5 PM വരെ ഓൺലൈനായി മാത്രം agrigeneraltransfer@gmail.com എന്ന ഇ-മെയിലിൽ സമർപ്പിക്കാവുന്നതാണ്. ടി തീയതിക്കു ശേഷം ലഭിക്കുന്ന പരാതികൾ / ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. പരാമർശം (6) പ്രകാരം പ്രസിദ്ദീകരിച്ച 2019 പൊതുസ്ഥലമാറ്റത്തിന്റെ മേൽ തസ്തികകളിലെ കരട് സ്ഥലംമാറ്റ ലിസ്റ്റ് റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
(പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

**പകർപ്പ്:**

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.ടി സെൽ)
ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി

സ്റ്റോക്ക് ഫയൽ / അധികം.

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33

AVN 19.06.2019. W